# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3747 – 21/06/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ.സി.കൃഷ്ണൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | എൽ.ഡി.എഫ്.സർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയിൽ അപേക്ഷ നൽകിയവരിൽ നിന്നും യോഗ്യരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | elrs.kerala.gov.in പോർട്ടൽ വഴി ലഭിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ എസ്.എൽ.ബി.സി വഴി സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇപ്രകാരം ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് പ്രസ്തുത അപേക്ഷകരുടെ ലിസ്റ്റ് ബാങ്കുകൾക്ക് ലഭ്യമാക്കുന്നുണ്ട്. ലഭിച്ചിട്ടുള്ള മുഴുവൻ അപേക്ഷകളുടെയും പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പ്രകാരം യോഗ്യത നേടിയ മുഴുവൻ അപേക്ഷകരുടെയും വിവരങ്ങൾ പോർട്ടലിൽ ലഭ്യമാകുന്നതാണ്. |
| ബി | ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | |
| സി | ബാങ്കുകളിൽ ഇപ്പോഴും അവ്യക്തത തുടരുന്ന സാഹചര്യത്തിൽ യോഗ്യരായ വിദ്യാർത്ഥികളുടെ ലിസ്റ്റും ഓരോ വർഷവും സർക്കാരും വിദ്യാർത്ഥിയും അടക്കേണ്ട തുകയും അടക്കം അതാത് ബാങ്കുകൾക്ക് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | പദ്ധതി പ്രകാരം യോഗ്യരാകുന്ന അപേക്ഷകരുടെ ഓൺലൈൻ അപേക്ഷകൾ പോർട്ടലിൽ സ്വീകരിക്കപ്പെടുന്ന സമയം തന്നെ അപേക്ഷകർ ഒടുക്കേണ്ട വിഹിതം സംബന്ധിച്ച വിവരം ബാങ്കുകൾക്ക് ലഭിയ്ക്കുന്നതിനുള്ള സംവിധാനം elrs.kerala.gov.in ഓൺലൈൻ പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത അപേക്ഷകർക്ക് സർക്കാർ ധനസഹായം അനുവദിക്കപ്പെടുന്ന മുറയ്ക്ക് യോഗ്യരായ അപേക്ഷകരുടെ പേര്, സർക്കാർ വിഹിതം എന്നിവ അടങ്ങുന്ന ലിസ്റ്റും അപേക്ഷകർക്ക് പദ്ധതി വഴി ലഭിക്കുന്ന ധനസഹായത്തിന്റെ വിശദ വിവരങ്ങളും ബാങ്കുകൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനവും പോർട്ടലിൽ |

| | | |
|---|---|---|
| | | ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ബാങ്കുകളെ യഥാസമയം അറിയിക്കുന്നുമുണ്ട്. ഇതു സംബന്ധിച്ച് ബാങ്കുകളിൽ അവ്യക്തത യുണ്ടാവേണ്ട സാഹചര്യമില്ല. |

**സെക്ഷൻ ഓഫീസർ**